**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.33** **28/01/2019-ൽ മറുപടിയ്ക്ക്**

## സി.ഡബ്ല്യു.ആർ.ഡി.എം.സ്ഥാപിക്കുന്നതിനായി ഭൂമി നൽകിയവരുടെ കുടുംബാംഗങ്ങൾക്ക് ജോലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.റ്റി.എ.റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കുന്നതിന് വേണ്ടി ഭൂമി നൽകിയവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകുമെന്ന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കാൻ അപേക്ഷ നൽകി കാത്തിരിക്കുന്ന കുന്നമംഗലത്തെ ശ്രീ.മോതി പി.എം. എന്നയാളുടെ മകൻ ശ്രീ. സാദിഖ് അലി പി.എം -ന് ഇതുവരെയും ജോലി നല്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ ജോലി ലഭ്യമാക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സി.ഡബ്ല്യു.ആർ.ഡി.എം-ന് നൽകിയിട്ടുണ്ടോ; | (ബി) | 29/12/2018-ലെ അഡീഷണൽ സെക്രട്ടറിയുടെ എ 3/56/2018/ശാ.സാ.വ. നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം 27/07/1983 ലെ സ.ഉ.(സാധാ) നം.899/83/LBR ലെ സർക്കാർ വാഗ്ദാനം പാലിക്കുന്നതിനായി സമഗ്രമായ വിശദാംശങ്ങൾ അടങ്ങിയ ശിപാർശ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയോടും, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു) |

| | | | |
|---|---|---|---|
| (സി) | 8407/A3/2015/ശാ.സ.വ. ഫയലിൽ ജോലി ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പെട്ടെന്ന് ജോലി ലഭ്യമാക്കാൻ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സി.ഡബ്ല്യൂ.ആർ. ഡി.എം. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷനും ജലവിഭവ വികസന വിനിയോഗകേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടറും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും 29/12/2018-ലെ അഡീഷണൽ സെക്രട്ടറിയുടെ എ 3/56/2018/ ശാ.സാ.വ. നമ്പർ അർദ്ധ ഔദ്യോഗികകത്ത് പ്രകാരം അധിക വിവരം ആരായുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പിതാവിന്റെ ഭൂമി സി.ഡബ്ല്യൂ.ആർ. ഡി.എം-ന് വേണ്ടി അക്വയർ ചെയ്യപ്പെട്ട ശ്രീ.മോതി പി.എം. നിരന്തരം ശ്രമിച്ചിട്ടും ജോലി ലഭിക്കാതിരുന്നതിനാൽ 62 വയസുള്ള ടിയാന് പകരം മകൻ ശ്രീ.സാദിഖ് അലി പി.എം-ന് മാനുഷിക പരിഗണന നൽകി ജോലി ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ; | (ഡി) | 27/07/1983 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)899/83/LBR നമ്പർ പ്രകാരം ഭൂമി നഷ്ടപ്പെട്ടവർ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രായം കൂടുകയോ ചെയ്താൽ ടിയാളുടെ താഴെപ്പറയുന്ന ബന്ധുക്കളെ പരിഗണിക്കാവുന്നതാണ്.<br>• വിധവ/വിഭാര്യൻ<br>• മകൻ<br>• മകൾ<br>• സഹോദരൻ<br>• സഹോദരി<br>മേൽ പരാമർശിച്ച ഉത്തരവ് അനുസരിച്ച് ശ്രീ.മോതിയുടെ മകൻ ശ്രീ.സാദിഖ് അലി, ഭൂമി നൽകിയ വ്യക്തിയുടെ മകന്റെ മകൻ ആയതുകൊണ്ട് ജോലി നൽകാൻ നിർവ്വാഹമില്ല. കൂടാതെ, സാദിഖ് അലിയുടെ പേര് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നാമനിർദ്ദേശം ചെയ്തിട്ടുമില്ല. |
| (ഇ) | ഈ വിഷയത്തിൻമേൽ എ 3/56/2016/ ശാ.സാ.വ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | എ 3/56/2016/ ശാ.സാ.വ. ഫയൽ ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല. എ 3/56/2016/ശാ.സാ.വ ഫയലിൽ സ്വീകരിച്ച നടപടികൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

SREELEKHA E N
അഡീഷണല് സെക്രട്ടറി

ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ :0471 2518775

തീയതി :29/12/2018

<u>അർദ്ധ ഔദ്യോഗിക കത്ത് നം.എ3/56/2018-ശാ.സ.വ.</u>

പ്രിയപ്പെട്ട സർ/മാഡം,

ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന് ഭൂമി ദാനം ചെയ്തവരുടെ ആശ്രിതരിൽ ഇതുവരെ നിയമനം നേടിയവരുടെയും ഇനിയും നിയമനം ലഭിക്കാൻ അർഹതയുള്ളവരുടെയും വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള 05.05.2018, 06.08.2018, 29.09.2018 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകളിലേയ്ക്കും 30.08.2018 ലെ CWRDM/2022/2018-E1 നമ്പർ കത്ത്, 11-10-2018 ലെ CWRDM/Admn-HR1/1(ROI) നമ്പർ കത്ത് 05-10-2017 ലെ 3580/C2/2017/KSCSTE നമ്പർ കത്ത് എന്നിവയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 27/07/1983 ലെ സ.ഉ.(സാധാ)നം.899/83/LBR ലെ സർക്കാർ വാഗ്ദാനം പാലിക്കുന്നതിനായി താഴെപ്പറയുന്നവിധം വിശദാംശങ്ങൾ അടങ്ങിയ സമഗ്രമായ ശുപാർശ ആവശ്യമാണ്.

i) CWRDM - നായി ഭൂമി വിട്ടുനൽകിയ ആൾക്കാരുടെ പേരുവിവരങ്ങൾ, ടി ആൾക്കാർ എത്ര സ്ഥലം വിട്ടു നൽകി, ആയവർക്ക് നിയമപ്രകാരമുള്ള നഷ്ടപരിഹാരം (സാമ്പത്തികം) നൽകിയിട്ടുണ്ടോ

ii) സർക്കാർ ഉത്തരവ് പ്രകാരം തദ് വർഷം നിയമനത്തിനായി അർഹതയുണ്ടായിരുന്ന ടി ആൾക്കാർ/ ആൾക്കാരുടെ ആശ്രിതരുടെ പേര് വിവരം, അവർ അപേക്ഷ സമർപ്പിച്ചിരുന്നോ, ഉണ്ടെങ്കിൽ അപേക്ഷയുടെ തീയതി /

അർഹമായ തസ്തിക

iii) 27/07/1983-ലെ ഉത്തരവ് പ്രകാരം പ്രസ്തുത അപേക്ഷകരിൽ എത്ര പേർ നിയമിക്കപ്പെട്ടു. ആയവരുടെ പേര് വിവരങ്ങൾ/തസ്തിക/ നിയമിതരായ വർഷം,

iv) 27/07/1983 പ്രകാരമല്ലാതെ സ്ഥാപനത്തിലേയ്ക്ക് Helper/Driver/Sweeper/ Cleaner/Watchman/Typist/Stenographer/Assistant തസ്തികകളിലേക്ക് നിയമനം നടന്നിട്ടുണ്ടോ? എങ്കിൽ ആയതിന്റെ കാരണങ്ങൾ,

v) 27/07/1983 പ്രകാരം ഭൂമി വിട്ടുനൽകിയ ഏതൊക്കെ വ്യക്തികളുടെ ആശ്രിതർക്കാണ് ഇനി നിയമനം നൽകേണ്ടത്, ആയവർക്ക് നിയമനം വൈകിയതിനുള്ള കാരണം, ആയവർ അപേക്ഷ സമർപ്പിച്ചിരുന്നുവോ, അപേക്ഷ സമർപ്പിച്ചിരുന്ന തീയതിയിൽ ആയവർ യോഗ്യരായിരുന്നുവോ

vi) ശ്രീ. ദേവേശൻ, ശ്രീ. ഷിജു, ശ്രീ. മോതി, ശ്രീമതി. ജമീല എം. എന്നിവർ ഉൾപ്പടെയുള്ള പ്രസ്തുത ആശ്രിതരുടെ പ്രായം നിയമനത്തിനായുള്ള പരിധി കവിഞ്ഞെങ്കിൽ ആയവരുടെ പരിഗണനാർഹരായ ആശ്രിതരുടെ പട്ടികയും ഇതര വിശദാംശങ്ങളും (പേര്, മേൽവിലാസം, വയസ്സ്, യോഗ്യത , ആയവർ employment exchange രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന വിവരം, മറ്റാശ്രിതരിൽ നിന്നും No Objection Certificate).

30 വർഷത്തിലേറെ പഴക്കമുള്ള വിഷയമായതിനാൽ, താങ്കൾ ഇക്കാര്യത്തിൽ വ്യക്തിപരമായി ശ്രദ്ധ ചെലുത്തി, രണ്ട് യോഗ്യരായ ഉദ്യോഗസ്ഥരെ (ഒരാൾ ജലവിഭവ വികസന വിനിയോഗകേന്ദ്രത്തിൽ നിന്നും, മറ്റൊരാൾ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിന്നും) പ്രസ്തുത വിശദാംശങ്ങൾ ശേഖരിച്ച് ലഭ്യമാക്കുവാൻ പ്രത്യേകമായി നിയോഗിക്കണമെന്നും രണ്ടാഴ്ചയ്ക്കകം പ്രസ്തുത വിശദാംശങ്ങൾ അടങ്ങിയ സമഗ്രമായ ശുപാർശ സർക്കാരിൽ ലഭ്യമാക്കുവാൻ വേണ്ട അടിയന്തിര നടപടി കൈക്കൊള്ളണമെന്നും താൽപര്യപ്പെടുന്നു.

ആത്മാർത്ഥതയോടെ,

SREELEKHA E N

ഡോ. എസ്. പ്രദീപ് കുമാർ
മെമ്പർ സെക്രട്ടറി,
കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ
ഡോ. എ. ബി. അനിത
എക്സിക്യൂട്ടീവ് ഡയറക്ടർ,ജലവിഭവ വികസന വിനിയോഗ കേന്ദ്രം,
കുന്ദമംഗലം, കോഴിക്കോട്

അനുബന്ധം-II

എ3/56/2018-ശാ.സാ.വ. നമ്പർ ഫയലിൽ സ്വീകരിച്ച നടപടി

1) 27/07/1983- ലെ സ.ഉ.(സാധാ)നം.899/83/LBR പ്രകാരം ഭൂമി നഷ്ടപ്പെട്ടവർക്കും അവരുടെ ആശ്രിതർക്കും ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തി ലെ Helper, Driver,. Sweeper/Cleaner, Watchman, Assistant, Typist, Stenographer തുടങ്ങി 8 തസ്തികകളിലേക്ക് ഒരു കുടുംബത്തിൽ നിന്ന് ഒരാൾ വീതം എന്ന നിലയ്ക്ക് ജോലിക്ക് പരിഗണന കൊടുക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് പാലിക്കുന്നതിനായി ജോലി ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പെട്ടെന്ന് ജോലി ലഭ്യമാക്കാൻ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിയ്ക്കാൻ ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ, ജില്ലാകളക്ടർ കോഴിക്കോട്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് , കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു.

2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ നിന്ന് കൂടിക്കാഴ്ച നടത്തി നിയമനത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടറിന്റെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

3) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 05/10/2017-ലെ 3580/ സി 2/2017/കേ.ശാ.സാ.പ. കത്ത് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ പട്ടികയിൽ നിന്ന് വയസ്സിളവ് വേണ്ടുന്ന കേസ്സുകൾ ഒഴികെ ഉള്ളവയിൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിയമനം നൽകാനും വയസ്സിളവ് വേണ്ടുന്ന കേസ്സുകൾ സർക്കാരിന്റെ നിർദ്ദേശം ലഭിയ്ക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുവേണ്ടി തസ്തിക ഒഴിച്ചിടേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു .

ആയതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള 3 ഒഴിവുകളിൽ 2 ഒഴിവുകളിലേക്ക് 2018 ജനുവരിയിൽ നിയമനം നൽകി കഴിഞ്ഞു. ബാക്കിയുള്ള ഒരൊഴിവ് ഗവൺമെന്റ് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിന് വേണ്ടി ഒഴിച്ചിട്ടിരിക്കുകയാണ്. കൂടാതെ അസിസ്റ്റന്റ് തസ്തികയുടെ നിലവിലുള്ള 2 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അർഹതപ്പെട്ട 3 പേരിൽ 2 പേർക്ക് നിയമനം നൽകികഴിഞ്ഞതായും അവശേഷിക്കുന്ന ഒരാളുടെ നിയമനം സർക്കാരിന്റെ പ്രത്യേക അനുമതി ലഭിക്കുന്ന മുറയ്ക്ക് നടത്തുന്നതിനായി ഒഴിച്ചിട്ടിരിക്കുകയാണ്.

4) ആശ്രിതർക്ക് നിയമനം നൽകുന്നതിനായി വയസ്സിളവ് നൽകുന്ന കാര്യം പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

5) ഈ സാഹചര്യത്തിൽ, 27/07/1983 ലെ സ.ഉ.(സാധാ)നം.899/83/LBR ലെ സർക്കാർ വാഗ്ദാനം പാലിക്കുന്നതിനായി താഴെപ്പറയുന്നവിധം സമഗ്രമായ വിശദാംശങ്ങൾ അടങ്ങിയ ശുപാർശ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയോടും, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

i) CWRDM – നായി ഭൂമി വിട്ടുനൽകിയ ആൾക്കാരുടെ പേരുവിവരങ്ങൾ, ടി ആൾക്കാർ എത്ര സ്ഥലം വിട്ടു നൽകി,

ii) തദ് വർഷം നിയമനത്തിനായി അർഹതയുണ്ടായിരുന്ന ടി ആൾക്കാർ/ ആൾക്കാരുടെ ആശ്രിതരുടെ പേര് വിവരം,

iii) 27/07/1983-ലെ ഉത്തരവ് പ്രകാരം എത്ര പേർ നിയമിക്കപ്പെട്ടു. ആയവരുടെ പേര് വിവരങ്ങൾ/തസ്തിക/നിയമിതരായ വർഷം,

iv) 27/07/1983 പ്രകാരമല്ലാതെ സ്ഥാപനത്തിലേയ്ക്ക് Helper/Driver/Sweeper/ Cleaner/Watchman/Typist/Stenographer/Assistant തസ്തികകളിലേക്ക് നിയമനം നടന്നിട്ടുണ്ടോ? എങ്കിൽ ആയതിന്റെ കാരണങ്ങൾ,

v) 27/07/1983 പ്രകാരം ഇനി നിയമനം നൽകേണ്ടത് ഭൂമി വിട്ടുനൽകിയ ഏതൊക്കെ വ്യക്തികളുടെ ആശ്രിതർക്കാണ്.

vi) ശ്രീ.ദേവേശൻ, ശ്രീ.ഷിജു, ശ്രീ.മോതി, ശ്രീമതി ജമീല എം എന്നിവർ ഉൾപ്പടെയുള്ള പ്രസ്തുത ആശ്രിതരുടെ പ്രായം നിയമനത്തിനായുള്ള പരിധി കവിഞ്ഞെങ്കിൽ ആയവരുടെ പരിഗണനാർഹരായ ആശ്രിതരുടെ (ആശ്രിതരുടെ ആശ്രിതരുടെ) പട്ടിക, (പേര്, മേൽവിലാസം, വയസ്സ്, യോഗ്യത, ആയവർ employment exchange രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന വിവരം, മറ്റാശ്രിതരിൽ നിന്നും No Objection Certificate).

6) മേൽപ്പറഞ്ഞ വിശദാംശങ്ങൾ അടങ്ങിയ ശുപാർശ ലഭ്യമായിട്ടില്ല.

Sd/-